# Diploma in Elementary Education (D.El.Ed.)
# END SEMESTER ASSESSMENT 2018
## S1 108 കലാവിദ്യാഭ്യാസം, പ്രവൃത്തി വിദ്യാഭ്യാസം: സമീപനവും പ്രയോഗവും

ആകെ സമയം:- 2 മണിക്കൂർ ആകെ സ്കോർ : 50

.....................................................................................................................................

### ഭാഗം I- കലാവിദ്യാഭ്യാസം

**(1 മുതൽ 3 വരെ ചോദ്യങ്ങൾക്ക് ശരിയുത്തരം തെരഞ്ഞെടുക്കുക) (3X1=3)**

1. വാചികാഭിനയം മാത്രമുള്ള കലാപ്രകടനമാണ്
   a) മോണോആക്ട്
   b) മിമിക്രി
   c) റേഡിയോനാടകം
2. കുട്ടികളുടെ നാടകത്തിൽ ഏറ്റവും പ്രാധാന്യം നൽകുന്നത്.
   a) രംഗം
   b) രസികൻ
   c) രചന
3. ആംഗികാഭിനയപ്രധാനമായത്
   a) ഏകാഭിനയം
   b) ശബ്ദാനുകരണം
   c) മൂകാഭിനയം

**(4 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ഒറ്റ വാചകത്തിൽ ഉത്തരമെഴുതുക)(2X1=2)**

4. ബഹുമുഖ ബുദ്ധിയിലെ ഏത് ബുദ്ധിയുടെ വികാസമാണ് ചിത്രരചനയിലൂടെ സാധ്യമാകുന്നത്.
5. കവിതയ്ക്ക് താളം കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ ക്ലാസിൽ നൽകുന്നതിലൂടെ കുട്ടിയുടെ ഏതുതരം ബുദ്ധി വികാസത്തിനാണ് അധ്യാപിക അവസരമൊരുക്കുന്നത്.

**6 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ലഘുകുറിപ്പ് തയ്യാറാക്കുക. (5X3=15)**

6. നിത്യജീവിതത്തിൽ ഏതെല്ലാം സന്ദർഭങ്ങളിലാണ് മനുഷ്യർ സർഗശേഷികൾ പ്രയോജനപ്പെടുത്തുന്നത്.
7. ഇന്ദ്രീയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കലകളെ ഏതെല്ലാം രീതിയിൽ വിഭജിക്കാം.
8. ശിശുകലയുടെ (Child art)പ്രത്യേകതകൾ പരിഗണിച്ച് ക്ലാസ് റൂമിൽ നൽകാവുന്ന പ്രവർത്തനങ്ങൾ ഏതെല്ലാം?
9. വിദ്യാഭ്യാസത്തിൽ തിയേറ്ററിന്റെ സാധ്യതകൾ ഏതെല്ലാം?
10. പഠനവൈകല്യമുള്ള കുട്ടികളുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ക്ലാസ് മുറിയിൽ നിങ്ങൾ സംഘടിപ്പിക്കുന്ന കലാപഠനപ്രവർത്തനങ്ങൾ ഏതെല്ലാം

**(11 ാമത്തെ ചോദ്യത്തിന് ഉപന്യാസം തയാറാക്കുക)** (1X5=5)

11. വിദ്യാഭ്യാസത്തിൽ സർഗാത്മക നാടകത്തിന്റെ പ്രസക്തി എന്ത്? വിദ്യാലയത്തിൽ സർഗാത്മക നാടകക്കളരി നടത്തുന്നതിന് എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടത്തേണ്ടത്?

## ഭാഗം II- പ്രവൃത്തി വിദ്യാഭ്യാസം

**(1 മുതൽ 3 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരെഞ്ഞെടുത്ത് എഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം)** (3X1=3)

1. " വികസനാവശ്യങ്ങക്കുള്ള മാനവശേഷിയുടെ ഉല്പാദന കേന്ദ്രങ്ങളായി വിദ്യാലയങ്ങൾ മാറണം". ഈ നിർദ്ദേശം മുന്നോട്ടുവെച്ചത്:
   a. ദേശീയ വിദ്യാഭ്യാസ നയം 1986
   b. ദേശീയ പാഠ്യപദ്ധതിച്ചട്ടക്കൂട് 2005
   c. കേരള പാഠ്യപദ്ധതിച്ചട്ടക്കൂട് 2007
   d. കോത്താരി കമ്മീഷൻ 1964
2. 'ശില്പ നിർമ്മാണം' എന്ന പ്രവർത്തനം കുട്ടിയുടെ ബഹുമുഖ ബുദ്ധിയുടെ ഏതുതലത്തെയാണ് കൂടുതൽ പരിപോഷിപ്പിക്കുന്നത്?
   a) ദൃശ്യസ്ഥലപരം (Visual -Spatial)
   b) ശാരീരിക കായിക പരം (Batily- Kinaesthetic)
   c) ഭാഷാ പരം(Linguistic)
   d) ഗണിത- യുക്തിപരം(Logical Mathematical)
3. താഴെ പറയുന്നതിൽ പ്രവൃത്തി പഠനത്തിന്റെ ദേശീയ ലക്ഷ്യങ്ങളിൽ ഉൾപ്പെടാത്തത് ഏത്?
   a) മാനവശേഷി വികസനം
   b) ഉല്പന്നങ്ങുടെ വിതരണം
   c) ആൽബം തയ്യാറാക്കൽ
   d) കഥാരചന

**(4 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ഒറ്റവാക്കിലോ, വാചകത്തിലോ ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ വീതം)** (2X1=2)

4. SUPWഎന്നആശയം മുന്നോട്ടുവച്ച കമ്മറ്റി ഏത്?
5. 'കൃഷി ഒരു സംസ്ക്കാരമായി വളർത്തി എടുക്കുക' എന്ന ലക്ഷ്യത്തോടെ 5ാം ക്ലാസിൽ നൽകുന്ന രണ്ട് പ്രവർത്തനങ്ങൾ എഴുതുക?

**(7 മുതൽ 11 വരെ ചോദ്യങ്ങൾക്ക് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം)** (5X3=15)

6. അനുഭവവേദ്യ പഠന (Experiential Learning) സാധ്യമാക്കുന്നതിൽ പ്രവൃത്തി പഠനത്തിന്റെ പങ്ക് എന്ത്? ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കുക.
7. അഞ്ചാം ക്ലാസിലെ ഗണിത പഠന ക്ലാസുമായി ഉദ്ഗ്രഥനം ചെയ്യാൻ പറ്റുന്ന ഒരു പ്രവർത്തനവും അതിന്റെ സന്ദർഭവും എഴുതുക?
8. പ്രവൃത്തി പഠനത്തെ സംബന്ധിച്ച് കോത്താരി കമ്മീഷൻ മുന്നോട്ടുവച്ച പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം?
9. പ്രവൃത്തി പഠനത്തിന്റെ ആറു മേഖലകൾ ഏതെല്ലാം? ഓരോന്നിനും ഒരു ഉദാഹരണം വീതം എഴുതുക.
10. ഭക്ഷ്യോല്പാദനം തുടങ്ങിയതോടെ മനുഷ്യന്റെ സാമൂഹ്യജീവിതത്തിലും തൊഴിൽ മേഖലയിലും ഉണ്ടായ പ്രധാന മാറ്റങ്ങൾ എന്തെല്ലാം?

**(ചോദ്യം 11 ന് 5 സ്കോർ)** (1X5=5)

11. കയർ മേഖലയിൽ ഇന്നു നിലനില്ക്കുന്ന പ്രധാനപ്പെട്ട വെല്ലുവിളികൾ എന്തൊക്കെ? ഇവ പരിഹരിക്കാൻ നിങ്ങൾക്കു നൽകാവുന്ന നിർദ്ദേശങ്ങൾ ഏവ?